പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 371 — 10.06.2014-ൽ മറുപടിയ്ക്ക്

# വൈദ്യുതി ബോർഡിന്റെ പ്രവർത്തനം

ചോദ്യം

ശ്രീമതി. കെ. എസ്. സലീഖ :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്

(ഊർജ്ജ വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) വൈദ്യുതി ബോർഡ് നിലവിൽ ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത് ; വിശദാംശം ലഭ്യമാക്കുമോ ; | (എ) 2012-13 സാമ്പത്തികവർഷത്തെ ആഡിറ്റ് നടന്നു കൊണ്ടിരിക്കുന്ന താത്കാലിക കണക്കുപ്രകാരം ബോർഡിന് 3998.89 കോടി രൂപ റവന്യൂ ഗ്യാപ്പ് ഉണ്ടായിട്ടുണ്ട്. പ്രസ്തുത തുക ബോർഡിന്റെ നഷ്ടവും കേന്ദ്ര റഗുലേറ്ററി കമ്മീഷൻ അനുശാസിക്കുന്ന ലാഭം കാണിക്കേണ്ടുന്നതിൽ വന്ന കുറവും ഉൾപ്പെട്ടതാണ്. |
| (ബി) വൈദ്യുതി ബോർഡിന്റെ വരവു ചെലവു കണക്കുകളിലെ അന്തരം വ്യക്തമാക്കുമോ ; | (ബി) 2012-13 സാമ്പത്തികവർഷത്തെ ആഡിറ്റ് നടന്നു കൊണ്ടിരിക്കുന്ന താത്കാലിക കണക്കുപ്രകാരം ബോർഡിന്റെ ആകെ വരവ് 7659.21 കോടി രൂപയും ആകെ ചെലവ് 11417.38 കോടി രൂപയുമാണ്. |
| (സി) ബോർഡ് നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിൽ ആയതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ; | (സി) മുൻ വർഷങ്ങളിലുള്ള മഴയുടെ ലഭ്യതക്കുറവുമൂലം ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങേണ്ടി വന്നതും വിവിധ ചെലവുകളിൽ കാലാനുസൃതമായുണ്ടായ വർദ്ധനവിനനുസൃതമായി വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാതിരുന്നതുമാണ് ബോർഡ് നഷ്ടത്തിലാകാനുള്ള കാരണങ്ങൾ. |
| (ഡി) ബോർഡ് ലാഭത്തിലാക്കാൻ എന്തു നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ; | (ഡി) വിവിധ പുതിയ പദ്ധതികൾ പൂർത്തീകരിക്കുമ്പോഴുണ്ടാകുന്ന അധിക വരുമാനത്തിൽ നിന്നും പ്രവർത്തന മികവ് കൂടുതൽ മെച്ചപ്പെടുത്തുന്നതിലൂടെയും വാങ്ങുന്ന വൈദ്യുതി വിലയ്ക്കനുസരിച്ചും വർദ്ധിച്ച മറ്റു ചെലവുകൾക്കനുസൃതമായി വൈദ്യുതി വില പുനർനിർണ്ണയിക്കുന്നതിലൂടെയുമുള്ള അധിക വരുമാനം ഉപയോഗിച്ചും സർക്കാരിൽ നിന്നും ലഭിക്കാനുള്ള സബ്സിഡി തുക ലഭ്യമാകുന്നതിനനുസരിച്ചും കടബാധ്യത കുറയ്ക്കുവാനാണ് ബോർഡ് ശ്രമിക്കുന്നത്. |

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2013-14 സാമ്പത്തിക വർഷം വരെ ഓരോ വർഷവും വൈദ്യുതി ബോർഡിൻെറ ഭരണച്ചെലവ് എത്ര ; ഇത് നാൾക്കുനാൾ കൂടി വരുന്നതിൻെറ കാരണം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ ആയത് വിശദമാക്കുമോ ; ഇത് നിയന്ത്രിക്കുവാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഇ) ബോർഡ് സാമ്പത്തികവർഷാടിസ്ഥാനത്തിലാണ് കണക്ക് തയ്യാറാക്കുന്നത്. 2010-11 സാമ്പത്തികവർഷം മുതൽ 2012-13 സാമ്പത്തികവർഷം വരെയുള്ള ഭരണ ചെലവ് ചുവടെ നൽകുന്നു.

| സാമ്പത്തിക വർഷം | തുക (കോടിയിൽ) |
|---|---|
| 2010-11 | 38.49 |
| 2011-12 | 52.25 |
| 2012-13 | 52.92 |

പൊതുവിലുള്ള വിലവർദ്ധനവും ഉപഭോക്താക്കളിലും മൊത്തം ഉപഭോഗത്തിലും ഉണ്ടായ വർദ്ധനവുമാണ് ചെലവുകൂടുന്നതിനുള്ള പ്രധാന കാരണങ്ങൾ. എന്നാൽ മേൽപ്പറഞ്ഞ വർദ്ധനവുകളുമായി തട്ടിച്ചുനോക്കുമ്പോൾ ഭരണ ച്ചെലവിൽ ആനുപാതിക വർദ്ധനവ് ഉണ്ടായിട്ടില്ല എന്ന് കാണാവുന്നതാണ്.

(എഫ്) ഈ സർക്കാർ വന്ന ശേഷം റെഗുലേറ്ററി കമ്മീഷൻെറ പ്രവർത്തനത്തിനായി ഓരോ വർഷവും എന്തു തുക ചെലവാക്കി എന്ന് വ്യക്തമാക്കുമോ ;

(എഫ്) 2011-12-ൽ 1,45,90,668 രൂപയും 2012-13-ൽ 1,66,85,228 രൂപയും 2013-14-ൽ 1,56,39,975 രൂപയും റെഗുലേറ്ററി കമ്മീഷൻെറ പ്രവർത്തനത്തിനായി ചെലവാക്കിയിട്ടുണ്ട്.

(ജി) സംസ്ഥാന വൈദ്യുതി ബോർഡിൻെറ കണക്കുകൾ ഉത്തരവാദപ്പെട്ട സ്ഥാപനത്തെക്കൊണ്ട് പരിശോധിപ്പിക്കാനും ആയതിൻെറ അടിസ്ഥാനത്തിൽ ബോർഡിനെ മെച്ചപ്പെട്ട രീതിയിലാക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

(ജി) സംസ്ഥാന വൈദ്യുതി ബോർഡിന്റെ കണക്കുകൾ എല്ലാ വർഷവും കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ ആഡിറ്റിനു വിധേയമാണ്. ടി ആഡിറ്റ് സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് വൈദ്യുതി ബോർഡിന്റെ കണക്കുകൾ നിയമസഭയിൽ സമർപ്പിക്കാറുണ്ട്.

സെക്ഷൻ ഓഫീസർ.